മുൻകൂട്ടി പരീക്ഷിച്ച് ഫലം അറിയുക സാദ്ധ്യമല്ല; യുദ്ധമുണ്ടായാൽ അപ്പോഴേ ഇതു പ്രയോഗിക്കാനാവൂ. അതിനാൽ നക്ഷത്രയുദ്ധസംവിധാനത്തിന്റെ വിജയം നിശ്ചിതമാക്കാനും കഴിയുകയില്ല.

മുൻകൂട്ടി തീരുമാനിച്ച കാലാവധിക്കകം നക്ഷത്രയുദ്ധസംവിധാനം ബാഹ്യാന്തരീക്ഷത്തിൽ സ്ഥാപിക്കുവാനുള്ള കഴിവ് അമേരിക്കയ്ക്കു കൈവന്നിട്ടില്ലെന്ന് സോവിയററ് യൂനിയനിൽനിന്ന്., ചില റിപ്പോർട്ടുകൾ ഈയിടെ പുറത്തുവന്നിരുന്നു ഇവയെ തുടർന്നാണ് പെൻറഗണിന്റെ രഹസ്യ റിപ്പോർട്ടിനെപ്പററിയുള്ള വിവരങ്ങൾ ഇപ്പോൾ അമേരിക്കൻ പത്രങ്ങളിൽ വന്നിട്ടുള്ളത്. ഈ വിവരം സത്യമാണെന്ന ധാരണയാണ് പൊതുവേയുള്ളത്. സോവിയററ് യൂനിയനും ഇപ്പോൾ തങ്ങളുടെ നക്ഷത്രയുദ്ധ–പ്രതിരോധ–ഗവേഷണ പരിപാടി ഉപേക്ഷിച്ച മട്ടാണ്.

നക്ഷത്രയുദ്ധവ്യാമോഹം അവസാനിച്ചാൽ, അമേരിക്കയും സോവിയററ് യൂനിയനും പിന്നെ ചെയ്യാനുള്ളത്, പരസ്പരം പല ആവൃത്തി നശിപ്പിക്കാൻ കഴിവുള്ള അണ്വായുധങ്ങളും അവ ലക്ഷ്യത്തിൽ വിക്ഷേപിക്കുന്നതിനുള്ള ഉപകരണങ്ങളും സൂക്ഷിച്ചുവെച്ച്, ഇന്നത്തെ സംഹാരഭീഷണിയുടേതായ കാലാവസ്ഥ ലോകത്തിലാകെ തുടർന്നും നിലനിർത്തുകയോ കൂടിയാലോചനകളിലൂടെ ഒത്തുതീർപ്പിലെത്തി ഈ ആയുധങ്ങളെ പടിപടിയായി കുറച്ചുകൊണ്ടുവരികയോ രണ്ടിലൊന്നാണ്. ഈ രണ്ടാമത്തെ വികല്പം നിലവിൽ വരുത്താനാണ് സോവിയററ് കമ്യൂണിസ്റ്റ് പാർട്ടി നേതാവ് ഗോർബച്ചേവ് ഏതാനും വർഷങ്ങളായി ഊർജിത പരിശ്രമം നടത്തിവരുന്നത്. സോവിയററ് റഷ്യയെ സമാധാനമാർഗത്തിലേക്ക് തിരിച്ചുവിടുന്നത് തങ്ങളുടെ അണു–ആയുധ–സന്നദ്ധത ആണെന്നും അതിനാൽ അണ്വായുധങ്ങളുടെ പരീക്ഷണവും നിർമാണവും വിന്യസനവും നിറുത്തിവെച്ചുകൂടെന്നുമാണ് അമേരിക്കയിലെ യുദ്ധക്കൊതിയന്മാരുടെ നിലപാട്. ഇവർക്കാണുതാനും ഇന്നത്തെ അമേരിക്കയിൽ നിർണായകമായ രാഷ്ട്രീയസ്വാധീനം ഉള്ളത്. തങ്ങൾ നശിക്കുമെന്ന് ഉറപ്പായാലും രണ്ടാമതൊരടി അടിച്ച് ശത്രുവിനെ കൂടി നശിപ്പിക്കാനുള്ള കഴിവു സംഭരിച്ചുവെക്കണമെന്ന ചിന്താഗതി അമേരിക്കയോ റഷ്യയോ ഇനിയും കൈവിട്ടിട്ടില്ല. അതിനാൽ, സമാധാനരംഗത്ത് ത്വരിത പുരോഗതി നാം പ്രതീക്ഷിക്കേണ്ടതില്ല. എങ്കിലും നക്ഷത്രയുദ്ധമെന്ന വ്യാമോഹത്തിൽനിന്ന് വൻശക്തികൾ എന്നന്നേക്കുമായി വിമുക്തങ്ങളായാൽ, അതിൽ നമുക്കു സന്തോഷിക്കാൻ ഒട്ടേറെ വകയുണ്ട്. ഈ കാര്യത്തിനു വൃഥാ വ്യയംചെയ്യപ്പെടുന്ന അപരിമിതമായ വിഭവരാശിയിൽ ഒരു പങ്കെങ്കിലും, അതതു രാഷ്ട്രങ്ങളിലെ സാമാന്യജനങ്ങളുടെ ജീവിതസൗഖ്യം വർദ്ധിപ്പിക്കാനായി ചെലവഴിക്കപ്പെടുമല്ലോ.

(10 ഏപ്രിൽ, 1988)

# 2. ജോർജ് ബുഷിന്റെ അമേരിക്ക

സമകാല ലോകത്തിൽ ഏററവുമധികം അധികാരവും ഏററവുമധികം ഉത്തരവാദിത്തവുമുള്ള ഉദ്യോഗം എന്നു കരുതപ്പെടുന്ന അമേരിക്കൻ ഐക്യനാടുകളുടെ പ്രസിഡണ്ട് സ്ഥാനത്തേക്ക് 1988 നവംബർ എട്ടാം തീയതി ജോർജ്ബുഷ് തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. 1981 മുതൽ പ്രസിഡണ്ട് സ്ഥാനം വഹിക്കുന്ന റൊണാൾഡ് റേയ്ഗന്റെ വൈസ്പ്രസിഡണ്ടായി അനുഷ്ഠിച്ച വിശ്വസ്ത സേവനമാണ് ബുഷിനു ഈ പദവി നേടിക്കൊടുത്തത്. തിരഞ്ഞെടുപ്പിൽ വിജയിച്ചതിൽ തനിക്ക് റേയ്ഗനോടുള്ള ആധമർണ്യം ബുഷ് സ്പഷ്ടമായി

പ്രകടിപ്പിച്ചിട്ടുണ്ട്. റെയ്ഗന്റെ നയപരിപാടികൾ ഏറെക്കുറെ അതേപടി തുടർന്നുപോകാനാണ് ബുഷ് ആഗ്രഹിക്കുക എന്നു നിരീക്ഷകർ കരുതുന്നതിൽ തെറ്റുണ്ടാവാനിടയില്ല.

ഡെമോക്രാറ്റുകൾ, റിപ്പബ്ലിക്കന്മാർ എന്ന രണ്ടു പ്രമുഖ പാർട്ടികളാണ് അമേരിക്കൻ രാഷ്ട്രീയരംഗത്തുള്ളത്. ആഭ്യന്തരകാര്യങ്ങളിൽ അല്പാല്പം വ്യത്യസ്തങ്ങളായ വീക്ഷണങ്ങൾ പുലർത്തുന്നുണ്ടാവാമെങ്കിലും, ഈ രണ്ടു പാർട്ടികളും പുറമേനിന്നു നോക്കുമ്പോൾ ഏറെക്കുറെ ഒരേ നയപരിപാടികൾതന്നെയാണു മുന്നോട്ടുവയ്ക്കുന്നത്. അമേരിക്കൻ വിദേശനയം മിക്കവാറും എല്ലായ്പോഴും ഉഭയ പാർട്ടി (ബൈ-പാർട്ടിസാൻ) അടിസ്ഥാനത്തിലുള്ളതായിരിക്കും. രണ്ടു പാർട്ടികളോടും തുല്യ മനോഭാവമാണ് സാധാരണ അമേരിക്കൻ വോട്ടർ പുലത്തുന്നത് എന്നുവേണം കരുതാൻ. അതുകൊണ്ടായിരിക്കണമല്ലോ, റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായ ബുഷിനെ പ്രസിഡണ്ട് സ്ഥാനത്തേക്കു തിരഞ്ഞെടുത്ത അതേ വോട്ടർമാർ അമേരിക്കൻ പാർലമെന്റിന്റെ (കോൺഗ്രസ്സിന്റെ) രണ്ടു മണ്ഡലങ്ങളിലും ഡെമോക്രാറ്റിക് പാർട്ടി അംഗങ്ങൾക്കു ഭൂരിപക്ഷമുണ്ടാക്കിക്കൊടുത്തിട്ടുള്ളതും. പ്രസിഡണ്ട് റിപ്പബ്ലിക്കനും കോൺഗ്രസ് (പാർലമെന്റ്) ഡെമോക്രാറ്റിക്കും ആയതിനാൽ രണ്ടു പാർട്ടികൾക്കും ഒരുപോലെ അംഗീകാര്യങ്ങളായ തീരുമാനങ്ങൾ മാത്രമേ അടുത്ത ഏതാനും വർഷങ്ങളിൽ അമേരിക്കൻ ഗവൺമെന്റിനു നടപ്പിൽവരുത്താൻ സാധിക്കുകയുള്ളു. ഇക്കാരണത്താലും ബുഷിന്റെ വാഴ്ചക്കാലത്ത് അമേരിക്ക ഇന്നത്തെ നിലപാടു തന്നെ പല കാര്യങ്ങളിലും നിലനിർത്തിയേക്കും.

പക്ഷേ, അമേരിക്ക മാറാൻ കൂട്ടാക്കാതിരുന്നാലും ലോകരാഷ്ട്രീയരംഗം ത്വരിതമായി മാറിക്കൊണ്ടിരിക്കുകയാണ്. രണ്ടു വിരുദ്ധ ധ്രുവങ്ങളുള്ള ഒരു കാന്തദണ്ഡുപോലെയായിരുന്നു രണ്ടാം മഹായുദ്ധത്തിനുശേഷമുള്ള നാലു ദശകങ്ങളിൽ ലോകം. ഒരു ധ്രുവത്തിൽ അമേരിക്കയും, മറ്റേ ധ്രുവത്തിൽ സോവിയറ്റ് റഷ്യയും. രണ്ടു രാഷ്ട്രങ്ങളും അണു-ആയുധ സജ്ജങ്ങൾ. ലോകമേധാവിത്വത്തിനുള്ള ആഗ്രഹം രണ്ടു രാഷ്ട്രങ്ങൾക്കും ഏറെക്കുറെ തുല്യം. പരസ്പരം എതിർക്കുന്നതിനു വ്യാപകങ്ങളായ സഖ്യങ്ങൾ കെട്ടിപ്പടുക്കാനോ, അയൽപക്കത്തുള്ള ചെറു രാഷ്ട്രങ്ങളുടെ കലഹങ്ങളിൽ കൈകടത്താനോ ചെറിയ യുദ്ധങ്ങളെ പ്രോത്സാഹിപ്പിക്കാനോ ഒക്കെ രണ്ടു രാഷ്ട്രങ്ങളും ഒരുപോലെ ക്രിയാശീലരായിരുന്നു. അണു-ആയുധക്കുമ്പാരത്തിനുമീതെ ആപല്ക്കരമായ ഒരു സന്തുലനത്തിലാണു സമാധാനത്തിനുള്ള ഉറപ്പ് എന്നു രണ്ടു രാഷ്ട്രങ്ങളും വിശ്വസിച്ചു.

ഗോർബച്ചേവ് നേതൃത്വം ഏറ്റെടുത്തതോടെ സോവിയറ്റ് യൂനിയൻ ഈ നിലപാടിൽനിന്നു ബഹുദൂരം മുന്നോട്ടുപോയിരിക്കുന്നു. അണു-ആയുധങ്ങളുടെ എണ്ണം കുറയ്ക്കുന്നതിനും ക്രമേണ അവ തീരെ ഇല്ലാതാക്കുന്നതിനും ഗോർബച്ചേവ് എടുത്ത മുൻകൈ, അമേരിക്കയുടെ ഉള്ളിരുപ്പ് എന്തായാലും ക്രമേണ ഫലോന്മുഖമായിക്കൊണ്ടിരിക്കുകയാണ്. ഈ ചുറ്റുപാടിൽ റെയ്ഗൻ സംസാരിച്ചിരുന്നതുപോലെ 'നക്ഷത്രയുദ്ധ'ത്തെപ്പറ്റി ആവേശത്തോടെ സംസാരിക്കാൻ ബുഷിനു സാദ്ധ്യമാവുകയില്ല. റെയ്ഗനു നൽകിയിരുന്നതുപോലെ ഇത്തരം ഭ്രാന്തൻ പദ്ധതികൾക്കു കണക്കറ്റ പണം അമേരിക്കൻ കോൺഗ്രസ് ബുഷിനു നൽകുകയുമില്ല. ലോകരാഷ്ട്രീയരംഗത്തും പിരിമുറുക്കം അയഞ്ഞുവരികയാണ്. സമാധാനത്തിന്റെ വെളിച്ചം കൂടുതൽ പരക്കാൻ തുടങ്ങിയിരിക്കുന്നു. സൈനികശക്തി വർദ്ധിപ്പിക്കാൻവേണ്ടി റെയ്ഗൻ ചെയ്തിരുന്ന അതേ തോതിൽ രാഷ്ട്രത്തിന്റെ പണം ചെലവഴിക്കാൻ ബുഷ് ഒരുങ്ങുമെന്നോ ഒരുങ്ങിയാൽത്തന്നെ ആ പരിശ്രമത്തിൽ അദ്ദേഹത്തിനു കോൺഗ്രസ്സിന്റെ പിൻബലം ലഭിക്കുമെന്നോ കരുതിക്കൂടാ.

രണ്ടാം മഹായുദ്ധത്തിനുശേഷം ലോകവ്യവസായത്തിന്റെ നേതൃത്വം അമേരിക്കക്കായിരുന്നു. ഇന്നും അമേരിക്ക ഈ രംഗത്തു രണ്ടാംസ്ഥാനത്തേക്കു തള്ളിമാറ്റപ്പെട്ടിട്ടില്ല. എന്നാൽ, കഠിനമായി അദ്ധ്വാനിച്ചാൽത്തന്നെ അമേരിക്കയ്ക്കു്

ഈ മേഖലയിലുള്ള മേന്മ ഇനിയങ്ങോട്ട് നിലനിർത്തുവാൻ സാധിക്കുമോ എന്ന സംശയം ഉളവായിട്ടുണ്ട്. ഏററവും ആധുനികമായ ഒരു വ്യവസായ ശക്തി എന്ന നിലയിൽ ജപ്പാൻ അമേരിക്കയുടെ തൊട്ടുപുറകെ എത്തിയിരിക്കുന്നു. തങ്ങൾക്കിടയിലുള്ള ചുങ്കങ്ങളും നികുതികളും മററും എടുത്തുകളഞ്ഞ് ഒരു ഏകീകൃത സാമ്പത്തികമേഖലയായി മാറിക്കൊണ്ടിരിക്കയാണ് ബ്രിട്ടൻ, ഫ്രാൻസ്, ജർമനി, ഇററലി, സ്പെയിൻ, പോർത്തുഗൽ, സ്കാൻഡിനേവിയൻ രാജ്യങ്ങൾ മുതലായവ അടങ്ങുന്ന പടിഞ്ഞാറെ യൂറോപ്പ് തമ്മിൽത്തമ്മിലുള്ള ഐക്യം ശക്തിപ്പെടുന്ന തോതിന് ഈ രാഷ്ട്രസമുച്ചയം അമേരിക്കൻ ഐക്യസംസ്ഥാനങ്ങളോടൊപ്പമോ അതിലേറെയോ സാമ്പത്തിക—വ്യാവസായിക സമൃദ്ധി നേടിക്കൂടായ്കയില്ല. എന്തിന്, അടുത്തകാലംവരെ താരതമ്യേന അവികസിതങ്ങളായിരുന്ന തൈവാൻ, ഹോങ്കോങ്, കൊറിയ, സിംഗപ്പൂർ മുതലായ രാഷ്ട്രങ്ങൾകൂടി വ്യവസായരംഗത്തു ചില ഇനങ്ങളിൽ അമേരിക്കയോടു മത്സരിച്ചുതുടങ്ങിയിട്ടുണ്ട്. റഷ്യയും ചൈനയും ഒരിക്കൽക്കൂടി അടുക്കുകയും വ്യാവസായികരംഗത്തു പരസ്പരം സഹകരിക്കുകയുമാണെങ്കിൽ, 'കമ്യൂണിസ്റ്റ് വ്യവസായ'വും 'മുതലാളിത്ത വ്യവസായം'പോലെതന്നെ സമ്പുഷ്ടവും ക്രിയാത്മകവുമാവാൻ ഏതാനും വർഷങ്ങൾ മതിയാവും. വ്യവസായനേതൃത്വത്തിന്റെ മറെറാരുവശം മാത്രമാണ രാഷ്ട്രീയനേതൃത്വം. രണ്ടാം മഹായുദ്ധത്തിനു ശേഷമുള്ള ഏതാനും വർഷങ്ങളിലെന്നപോലെ ഇനിയങ്ങോട്ടു ലോകം 'ദ്വിധ്രുവം' (ബൈ—പോളാർ) ആയിരിക്കയില്ല; 'ബഹുധ്രുവം' (മൾട്ടി—പോളാർ) ആയിരിക്കും. രണ്ടു 'ധ്രുവ'ങ്ങളെയും അമിതമായി ആശ്രയിക്കാതെയും ഭയപ്പെടാതെയുംതന്നെ ചെറുരാഷ്ട്രങ്ങൾക്കു സ്വന്തമാർഗത്തിലൂടെ മുന്നേറാൻ സാഹചര്യങ്ങൾ കൂടുതലുണ്ടായിവരും. ലോകത്തിന്റെ രാഷ്ട്രീയഘടനയിൽ വന്നുകൊണ്ടിരിക്കുന്ന ഈ മാററത്തോട് ഗോർബച്ചേവ് ചെയ്യുന്നതുപോലെ ചലനാത്മകമായും ഫലപ്രദമായും പ്രതികരിക്കാൻ ജോർജ് ബുഷിനു കഴിയുമോ? കാത്തിരുന്നു കണ്ടറിയേണ്ട ഒരു കാര്യമാണിതു്.

ആഭ്യന്തരരംഗത്തു പല വെല്ലുവിളികളും ജോർജ് ബുഷിനെ കാത്തിരിക്കുന്നുണ്ട്. അമേരിക്കയിലെ വിദ്യാഭ്യാസരംഗം ആകെ അവ്യവസ്ഥിതമായിരിക്കുകയാണെന്നു പരാതിയുണ്ട്. യുവജനങ്ങൾക്ക് ഉയർന്ന വിദ്യാഭ്യാസത്തിനോ സാങ്കേതിക പരിശീലനത്തിനോ പര്യാപ്തമായ സംവിധാനമില്ല. തൊഴിലില്ലായ്മ യുവജനങ്ങൾക്കിടയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. വിദ്യാർത്ഥികൾക്കും തൊഴിലില്ലാത്ത യുവാക്കൾക്കുമിടയിൽ മയക്കുമരുന്നുകളുടെ ഉപയോഗം ഒരു മഹാമാരിപോലെ വളർന്നുകൊണ്ടിരിക്കുന്നു. വൈസ് പ്രസിഡണ്ടായി തിരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ഡാൻകേയ്‌ലിന്റെ പ്രധാന ചുമതലകളിലൊന്നു മയക്കുമരുന്നുകളുടെ പ്രചാരം തടയലായിരിക്കുമെന്ന് ജോർജ് ബുഷ് ഇതിനകം പ്രസ്താവിച്ചിട്ടുണ്ട്.

അമേരിക്കൻ നഗരങ്ങളുടെ കേന്ദ്രഭാഗങ്ങളിൽ നീഗ്രോകൾ, സ്പാനിഷുകാർ, ലാററിനമേരിക്കയിൽനിന്നും ഏഷ്യയിൽനിന്നുമുള്ള ദരിദ്ര ജനവിഭാഗങ്ങൾ മുതലായവരുടെ സംഖ്യ വർദ്ധിച്ചുവരികയാണ്. ഇത്തരക്കാർ കൂടിവരുന്ന തോതിനു സമ്പന്നരായ വെള്ളക്കാർ നഗര പരിസരങ്ങളിലേക്കു പാർപ്പ് മാററുകയുംചെയ്യുന്നു. ഇതിന്റെ ഫലമായി നഗരകേന്ദ്രങ്ങൾ ക്ഷയിക്കുന്നു; അവയിൽ അഴുക്കുകൾ കുന്നുകൂടുന്നു; ജീവിതസൗകര്യങ്ങൾ കുറയുന്നു; കുററവാളികളുടെ എണ്ണം പെരുകുന്നു; ജീവിതം സുരക്ഷിതമല്ലാതായിത്തീരുന്നു. നഗരകേന്ദ്രങ്ങളെ എങ്ങനെ നവീകരിക്കാമെന്നതു് അമേരിക്കയുടെ ഇന്നത്തെ ആഭ്യന്തര പ്രശ്നങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

വിദ്യാഭ്യാസത്തിന്റെ നിലവാരം അമേരിക്കയിൽ കുത്തനെ ഇടിഞ്ഞുവരികയാണെന്ന് ആക്ഷേപമുണ്ട്. ബുദ്ധിപരീക്ഷകളിൽ സമപ്രായത്തിലുള്ള അമേരിക്കൻ കുട്ടികളെ എത്രയോ പിന്നിലാക്കുന്നവരത്രെ ജപ്പാനിലെ കുട്ടികൾ. വിദ്യാഭ്യാസ വ്യവസ്ഥിതി ആകെ ഉടച്ചുവാർക്കാതെ സയൻസിലും

സാങ്കേതികവിദ്യയിലും ലോകനേതൃത്വം പുലർത്താൻ അമേരിക്കയ്ക്കു സാദ്ധ്യമായേക്കുകയില്ല. ശമ്പളം കുറവാകയാൽ അദ്ധ്യാപകജോലിക്ക് അമേരിക്കക്കാർ വിമുഖരാണ്. വിദ്യാഭ്യാസരംഗത്തു് ഇന്നുള്ള മൂലധനനിക്ഷേപവും തന്നാണ്ടു ചെലവുകളും അമേരിക്ക എത്രയോ വർദ്ധിപ്പിക്കേണ്ടതുണ്ട്.

വൃദ്ധർ, രോഗികൾ, അനാഥർ, വികലാംഗർ, മന്ദബുദ്ധികൾ, തൊഴിലില്ലാത്തവർ—'അധോവർഗം' (അണ്ടർ–ക്ലാസ്) എന്നോ 'അദൃശ്യജനത' (ഇൻവിസിബിൾ പീപ്പിൾ) എന്നോ വിളിക്കപ്പെടുന്ന ഇത്തരക്കാർ അമേരിക്കയിൽ ഏറെയുണ്ട്. റെയ്ഗന്റെ ഭരണകാലത്തു് അവഗണിക്കപ്പെട്ടിരുന്ന ഇവരുടെ യോഗക്ഷേമത്തിനു കൂടുതൽ പദ്ധതികളാവിഷ്കരിക്കാനും കൂടുതൽ പണം വകയിരുത്താനും ജോർജ്ബുഷ് നിർബന്ധിതനായിത്തീരുമെന്നു കണക്കാക്കപ്പെടുന്നു.

അമേരിക്കൻഗവണ്മെണ്ട് വരവിനെക്കാൾ എത്രയോ കൂടുതൽ ചെലവഴിക്കുന്നുണ്ട്. ഇതിന്റെ (കമ്മി ബജറ്റിന്റെ) ഒരു ഫലം, മറ്റു കറൻസികളുമായി താരതമ്യപ്പെടുത്തുമ്പോൾ ഡോളറിനു വന്നുകൊണ്ടിരിക്കുന്ന വിലയിടിവാണ്. പട്ടാളച്ചെലവു ഗണ്യമായി വെട്ടിക്കുറയ്ക്കാതെ അമേരിക്കയ്ക്ക് ഈ കുഴപ്പത്തിൽനിന്നു കരകേറാനാവില്ല. പക്ഷേ, സുശക്തമായ പട്ടാള–വ്യവസായ സങ്കീർണം (മിലിട്ടറി–ഇൻഡസ്ട്രിയൽ–കോംപ്ലക്സ്) സൈനികച്ചെലവു കുറയ്ക്കുന്നതിനെതിരാണ്. ആയുധനിർമാണത്തിൽ നിക്ഷിപ്തതാല്പര്യമില്ലാത്ത വൻ വ്യവസായങ്ങൾ അമേരിക്കയിലില്ല. അവരുടെ എതിർപ്പിനെ മറികടന്നു സൈനികച്ചെലവു കുറയ്ക്കാനും കൂടുതൽ പണം യോഗക്ഷേമപ്രവർത്തനങ്ങളിൽ ചെലവഴിക്കാനും ബുഷിന് കഴിയുമോ എന്നതും കാത്തിരുന്നുതന്നെ കാണേണ്ടിയിരിക്കുന്നു.

1981 മുതൽ വൈറ്റ്ഹൗസിൽ പാർക്കുകയായിരുന്ന റൊണാൾഡ് റെയ്ഗൻ 1989 ജനുവരി 20–ാം തീയതി അവിടെനിന്നു താമസം മാറ്റും; അന്നുമുതൽ 1992 വരെ നാലു വർഷത്തേക്ക് ജോർജ് ബുഷ് അവിടെ കുടിയേറുകയുംചെയ്യും. ഈ നാലു വർഷങ്ങളിൽ സ്വന്തം രാജ്യത്തിന്റെയും ലോകത്തിന്റെയാകെയും ഭാഗധേയം നിയന്ത്രിക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കാൻ പല അവസരങ്ങളും അദ്ദേഹത്തിനു ലഭിക്കും. ഈ അവസരങ്ങൾ അദ്ദേഹം എങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നതായിരിക്കും ചരിത്രത്തിൽ അദ്ദേഹത്തിന്റെ സ്ഥാനം എന്തായിരിക്കണമെന്നു നിർണയിക്കുക.

(ജോർജ് ബുഷ് 1924 ജൂൺ 12–ാം തീയതി മസ്സാച്ചുസെറ്റ്സ് സ്റ്റേറ്റിൽ മിൽട്ടൻ നഗരത്തിൽ ജനിച്ചു. 1942–ൽ അമേരിക്കൻ നാവികസേനയിൽ ചേർന്നു; 'ഡിസ്റ്റിംഗ്വിഷ്ഡ് ഫ്ളൈയിങ് ക്രോസ്' എന്ന ബഹുമതി നേടി. 1945–ൽ ബാർബറ പിയേഴ്സിനെ വിവാഹംചെയ്തു. ഈ ദമ്പതിമാർക്ക് നാലു പുത്രന്മാരും ഒരു പുത്രിയുമുണ്ട്. 1948–ൽ ബുഷ് യെയ്ൽ സർവകലാശാലയിൽനിന്നു ധനശാസ്ത്രത്തിൽ ബി. എ. ബിരുദം നേടി. 1951–ൽ ടെക്സസ് സ്റ്റേറ്റിൽ 'സപാട്ട പെട്രോളിയം കോർപ്പറേഷൻ' സ്ഥാപിക്കുന്നതിൽ പങ്കാളിയായി. 1966–ലും 1977–ലും ടെക്സസിൽനിന്ന് റിപ്പബ്ലിക്കൻ പ്രതിനിധിയായി കോൺഗ്രസ്സിലേക്കു തിരഞ്ഞെടുക്കപ്പെട്ടു. 1971–73–ൽ ഐക്യരാഷ്ട്രസംഘടനയിൽ അമേരിക്കയുടെ അംബാസഡർ ആയിരുന്നു. 1973–74–ൽ റിപ്പബ്ളിക്കൻ നാഷണൽ കമ്മിറ്റിയുടെ ചെയർമാനായി. 1974––75–ൽ ചൈനയിൽ അമേരിക്കൻ ലെയ്സൺ ഓഫീസിൽ ചീഫായി പ്രവർത്തിച്ചു. 1976–77–ൽ അമേരിക്കൻ രഹസ്യപ്പോലീസിന്റെ (സി. ഐ. എ.) മേധാവിയായി. 1980–ൽ വൈസ് പ്രസിഡണ്ടായും 1988 നവംബറിൽ പ്രസിഡണ്ടായും തെരഞ്ഞെടുക്കപ്പെട്ടു).

(11, നവംബർ 1988)